പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1520 **16-10-2026-ൽ മറുപടിയ്ക്ക്**

പ്രധാനമന്ത്രി വിദ്യാലക്ഷ്മി പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) കേന്ദ്രാവിഷ്കൃതപദ്ധതിയായ പ്രധാനമന്ത്രി വിദ്യാലക്ഷ്മി പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിലേക്കായി സംസ്ഥാനത്തു നിന്ന് എത്ര കോളേജ്/യൂണിവേഴ്സിറ്റി/മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെ സംസ്ഥാന സർക്കാർ നിർദേശിച്ചിട്ടുണ്ട്; നിർദ്ദേശിച്ച സ്ഥാപനങ്ങളുടെ പേര് വിവരം വ്യക്തമാക്കാമോ;

മറുപടി: കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃതപദ്ധതിയായ പ്രധാനമന്ത്രി വിദ്യാലക്ഷ്മി (PM-Vidyalaxmi) പദ്ധതിയിലേക്കുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്നതല്ല. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള എൻ.ഐ.ആർ.എഫ് (NIRF) റാങ്കിംഗ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യത്തെ മുൻനിരയിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് (Quality Higher Educational Institutions - QHEIs) കേന്ദ്ര സർക്കാർ നേരിട്ട് ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പദ്ധതി പ്രകാരം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (CUSAT) ഉൾപ്പെടെ സംസ്ഥാനത്തെ പ്രമുഖ സ്ഥാപനങ്ങൾ കേന്ദ്ര മാനദണ്ഡപ്രകാരം യോഗ്യത നേടിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആനുകൂല്യം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ വിദ്യാഭ്യാസസ്ഥാപന മേധാവികൾക്കും സർക്കാർതലത്തിൽ നൽകിയിട്ടുണ്ട്.

(ബി) എൻ.ഐ.ആർ.എഫ്.റാങ്കിങ്ങിൽ 101 നും 200 നും ഇടയിൽ റാങ്കുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഉയർന്ന മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്കാണ് വിദ്യാലക്ഷ്മി പദ്ധതി പ്രകാരം ലോൺ സൗകര്യം ലഭിക്കുന്നത് എന്നിരിക്കെ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിംഗ് മെച്ചപ്പെടുത്തുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

മറുപടി: സംസ്ഥാനത്തെ സർവകലാശാലകളുടെയും കോളേജുകളുടെയും ദേശീയ-അന്തർദേശീയ റാങ്കിംഗുകൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സമഗ്രമായ പരിഷ്കാരങ്ങളും അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമാണ് നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി കിഫ്ബി (KIIFB), പിഎം-ഉഷ (PM-USHA), രൂസ (RUSA), ANRF എന്നിവ വഴിയുള്ള വലിയ തോതിലുള്ള ഭൗതിക-ഗവേഷണ പശ്ചാത്തല സൗകര്യങ്ങൾ സർവകലാശാലകളിലും കോളേജുകളിലും ഒരുക്കിവരുന്നുണ്ട്. നാല് വർഷ ബിരുദ പ്രോഗ്രാമുകൾ (FYUGP), ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ (OBE), അക്കാദമിക് ബാങ്ക് ഓഫ്

ക്രെഡിറ്റ് (ABC), ക്രെഡിറ്റ് ട്രാൻസ്ഫർ എന്നിവ നടപ്പിലാക്കി. മാറുന്ന കാലഘട്ടത്തിനനുസൃതമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ്, റോബോട്ടിക്സ്, സൈബർ സെക്യൂരിറ്റി തുടങ്ങിയ നവീന കോഴ്സുകൾ ആരംഭിക്കുകയും വ്യവസായ പങ്കാളിത്തത്തോടെയുള്ള പാഠ്യപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല NBA, NIRF, KIRF മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി അക്കാദമിക് ഓഡിറ്റ് മാന്വൽ പരിഷ്കരിച്ചുവരുന്നു. ഗവേഷണ രംഗത്ത് പ്രസിദ്ധീകരണങ്ങൾ, സൈറ്റേഷനുകൾ, പേറ്റന്റുകൾ, എക്സ്റ്റേണൽ ഫണ്ടഡ് പ്രോജക്ടുകൾ എന്നിവ വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക സഹായങ്ങൾ നൽകിവരുന്നു. കൂടാതെ അന്താരാഷ്ട്ര തലത്തിലുള്ള സ്ഥാപനങ്ങളുമായി ചേർന്ന് സ്റ്റുഡന്റ്-ഫാക്കൽറ്റി എക്സ്ചേഞ്ച്, ഡ്യുവൽ/ട്വിന്നിംഗ് പ്രോഗ്രാമുകൾ എന്നിവയും നടത്തിവരുന്നു.

(സി) ഈ പദ്ധതി നടപ്പിലാക്കിയ 2024 മുതൽ എത്ര കുട്ടികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

<u>മറുപടി:</u> ഈ പദ്ധതി പ്രകാരം സംസ്ഥാനത്താകെ ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികളുടെ വർഷം തിരിച്ചുള്ള കണക്കുകളും, സംസ്ഥാന സഹകരണ ബാങ്ക്, റീജണൽ ഗ്രാമീണ ബാങ്ക് എന്നിവയുൾപ്പെടെയുള്ള ബാങ്കുകൾ തിരിച്ചുള്ള കണക്കുകളും വകുപ്പുതലത്തിൽ ക്രോഡീകരിച്ചിട്ടില്ല

(ഡി) വിദ്യാലക്ഷ്മി പദ്ധതിയുടെ പങ്കാളികളായ സംസ്ഥാന സഹകരണ ബാങ്ക്, റീജണൽ ഗ്രാമീണ ബാങ്ക് എന്നിവയിലൂടെ എത്ര വിദ്യാർത്ഥികൾക്ക് വിദ്യാലക്ഷ്മി പദ്ധതി പ്രകാരമുള്ള ലോൺ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്; ബാങ്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ